**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2321** — **06.10. 2016-ൽ മറുപടിക്ക്**

# നീല വിപ്ളവ ദൗത്യം (നീൽ ക്രാന്തി മിഷൻ)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.ദാസൻ**<br>**ശ്രീ. കെ. ആൻസലൻ**<br>**ശ്രീമതി.യു.പ്രതിഭ ഹരി**<br>**ശ്രീ.കെ. കുഞ്ഞിരാമൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി) |
| (എ)) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നീല വിപ്ളവ ദൗത്യ (നീൽ ക്രാന്തി മിഷൻ) ത്തിന്റെ വിശദാംശം അറിയിക്കുമോ; | (എ) | മത്സ്യോല്പാദനവും മത്സ്യലഭ്യതയും ഉറപ്പ് വരുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി 2016-17 വർഷം മുതൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളാണ് Blue revolution scheme ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉൾനാടൻ ഫിഷറീസ്, അക്വാകൾച്ചർ, മറൈൻ ഫിഷറീസ്, മാരി കൾച്ചർ എന്നീ മേഖലകളെല്ലാം ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ നീലവിപ്ലവ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിനായി ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും NFDB യുടെ ശുപാർശയോടുകൂടി താഴെ പറയുന്ന ആറ് പദ്ധതികൾ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1) ഉൾനാടൻ മത്സ്യകൃഷി വികസനം - 404.2 ലക്ഷം<br>കേന്ദ്രവിഹിതം - 202.13 ലക്ഷം<br><br>2) പരിശീലന പരിപാടി - 18.48 ലക്ഷം<br>കേന്ദ്രവിഹിതം - 18.48 ലക്ഷം<br><br>3) ഓരു ജല കൂടുകൃഷി - 735 ലക്ഷം<br>കേന്ദ്രവിഹിതം - 315 ലക്ഷം<br><br>4) സമുദ്രജല കൂടുകൃഷി - 1398 ലക്ഷം<br>കേന്ദ്രവിഹിതം - 420 ലക്ഷം<br><br>5) സമ്പാദ്യ സമാശ്വാസ പദ്ധതി - 4965 ലക്ഷം<br>കേന്ദ്രവിഹിതം - 1655 ലക്ഷം<br><br>6) ഭവന പദ്ധതി - 1640 ലക്ഷം<br>കേന്ദ്രവിഹിതം - 500 ലക്ഷം |

| | | | |
|---|---|---|---|
| (ബി) | വിദേശ ട്രോളറുകൾക്ക് ആഴക്കടൽ മത്സ്യ ബന്ധനത്തിന് യഥേഷ്ടം അനുമതി നൽകിയിരിക്കുന്നത് സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചത് പരിഹരിക്കാനായി കേന്ദ്ര സർക്കാരിന്റെ നയം മാറ്റാതെ ഇത്തരം ദൗത്യങ്ങൾ പ്രയോജനരഹിതമായിരിക്കു മെന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിൽ നയം മാറ്റത്തിനു സമ്മർദ്ദം ചെലുത്താൻ ശ്രമമുണ്ടാകുമോ; | (ബി) | വിദേശ ട്രോളറുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി നൽകി കൊണ്ടുള്ള മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ പരാമർശങ്ങൾ കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ആയത് അംഗീകരിക്കാൻ കഴിയുകയില്ലെന്ന കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. Dr. S. അയ്യപ്പൻ കമ്മിറ്റിയുടെ മുമ്പാകെയും Letter of Permit വ്യവസ്ഥയിൽ ആഴക്കടൽ മത്സ്യബന്ധനത്തിന് ലൈസൻസ് നൽകുന്ന നടപടി അവസാനിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 14.06.2016 ലും, 02.08.2016 ലും കേന്ദ്രകൃഷിമന്ത്രിയെ കണ്ട് നിവേദനങ്ങൾ ഇക്കാര്യത്തിൽ നൽകിയിട്ടുണ്ട്. |
| (സി) | സുസ്ഥിര മത്സ്യസംരക്ഷണത്തിനുതകുന്ന രീതിയിൽ തീരക്കടലിൽ ബോട്ടുകളെ ഒഴിവാക്കുക, എല്ലാവിധ മത്സ്യകുഞ്ഞുങ്ങളേയും പിടിക്കുന്നത് നിരോധിക്കുക തുടങ്ങിയ നടപടികളിലൂടെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കാനുള്ള ശ്രമം ഉണ്ടാകുമോ? | (സി) | കൊല്ലംകോട് മുതൽ പരവൂർ വരെയുള്ള തീരക്കടലിൽ 30 മീറ്റർ ആഴത്തിനു വെളിയിലും പരവൂർ മുതൽ മഞ്ചേശ്വരം വരെയുള്ള തീരക്കടലിൽ 20 മീറ്റർ ആഴത്തിനു വെളിയിലും മാത്രമേ ബോട്ടുകൾ പ്രവർത്തിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചെറു മത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറു മത്സ്യങ്ങളെ പിടിക്കുന്നതും നിരോധിച്ചു കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ